"ഭരണ ഭാഷ മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്തനിവാരണ വകപ്പ്-കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാനത്ത് ഏർപ്പെടുത്തിയിരിക്കുന്ന നിയന്ത്രണങ്ങൾ- പരിഷ്കരിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

---

## ദുരന്ത നിവാരണ (എ) വകുപ്പ്

സ.ഉ. (സാധാ).നം. **68/2022/ദു.നി.വ** തീയതി, തിരുവനന്തപുരം, **20.01.2022**

---

1. സ.ഉ (സാധാ) നം.564/2021/ഡിഎംഡി തീയതി 04. 08.2021

2 സ.ഉ (സാധാ) നം.669/2021/ഡിഎംഡി തീയതി 02.10.2021

3. സ. ഉ (സാധാ। നം. 729/2021/ഡിഎംഡി തീയതി 05.11.2021

4. സ.ഉ (സാധാ) നം.08/2022/ഡിഎംഡി തീയതി 04. 01.2022

5. സ.ഉ (സാധാ) നം.22/2022/ഡിഎംഡി തീയതി 10.01.2022

6. സ.ഉ (സാധാ) നം.40/2022/ഡിഎംഡി തീയതി 14.01.2022

7. സ.ഉ (സാധാ) നം.47/2022/ഡിഎംഡി തീയതി 15.01.2022

**ഉത്തരവ്**

സംസ്ഥാനത്ത് കോവിഡ് വൈറസിന്റെ വ്യാപനം വർദ്ധിക്കുന്ന സാഹചര്യത്തിൽ പരാമർശിത ഉത്തരവുകളുടെ തുടർച്ചയായി സംസ്ഥാനദുരന്തനിവാരണ അതോറിറ്റിയുടെ സംസ്ഥാന എക്സിക്യൂട്ടിവ് കമ്മിറ്റി ചെയർമാൻ എന്ന നിലയിൽ ദുരന്തനിവാരണ നിയമം 2005 സെക്ഷൻ 20 (3)-ൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് ബന്ധപ്പെട്ട അധികാരികൾ കർശനമായി നടപ്പിലാക്കുന്നതിനായി താഴെപ്പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചുകൊണ്ട് ഉത്തരവാകുന്നു:

1. നിലവിലെ കോവിഡ് സാഹചര്യം കണക്കിലെടുത്ത് ജനുവരി 23, 30 (ഞായറാഴ്ച) തീയതികളിൽ എല്ലാ ജില്ലകളിലും അവശ്യ സർവീസുകൾ (അനുബന്ധം) മാത്രമേ അനുവദിക്കുകയുള്ളൂ.

2. സർക്കാർ / സ്വകാര്യ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന, രണ്ടു വയസ്സിനു താഴെ പ്രായമുള്ള കുട്ടികളുള്ള അമ്മമാർ, ക്യാൻസർ രോഗികൾ, തീവ്ര രോഗബാധിതർ എന്നിവർക്ക് വർക്ക് ഫ്രം ഹോം സംവിധാനത്തിലൂടെ ജോലി ചെയ്യാൻ സർക്കാർ ഡോക്ടറുടെ (അലോപ്പതി) സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ അനുവദിക്കാവുന്നതാണ്.

3. ജില്ലകളിലെ വ്യാപാരസ്ഥാപനങ്ങൾ, മാളുകൾ, ബീച്ചുകൾ, തീം പാർക്കുകൾ ഉൾപ്പെടെയുള്ള വിനോദസഞ്ചാര കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ ആൾക്കൂട്ടം ഉണ്ടാവുന്നില്ല എന്നും, ആളുകൾ കോവിഡ് മാനദണ്ഡം കൃത്യമായി പാലിക്കുന്നു എന്നും ജില്ലാഭരണകൂടം ഉറപ്പുവരുത്തേണ്ടതാണ്. ഇതിനായി ആവശ്യാനുസരണം സെക്ടറൽ മജിസ്ട്രേറ്റുമാരെ വിന്യസിക്കാവുന്നതാണ്.

4. മാളുകൾ, കല്യാണ ഹാളുകൾ, തീം പാർക്കുകൾ മറ്റ് സ്വകാര്യ സ്ഥാപനങ്ങൾ എന്നിവടങ്ങളിൽ സാനിറ്റൈസർ ഉപയോഗം, സാമൂഹിക അകലം ഉൾപ്പെടെയുള്ള എല്ലാ കോവിഡ് മാനദണ്ഡങ്ങളും പാലിക്കുന്നു എന്നുള്ള കാര്യം ഉറപ്പാക്കുന്നത് സ്ഥാപന ഉടമയുടെ ഉത്തരവാദിത്വമായിരിക്കും.

5. ഒൻപതാം ക്ലാസ് വരെയുള്ള ക്ലാസുകൾ ജനുവരി 21 മുതൽ രണ്ടാഴ്ച്ചത്തേക്ക് ഓൺലൈൻ സംവിധാനത്തിലൂടെ മാത്രം നടത്തേണ്ടതാണ്. എന്നാൽ തെറാപ്പി അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന സ്പെഷ്യൽ സ്കൂളുകൾക്ക് ഇത് ബാധകമായിരിക്കില്ല.

6. നിലവിലെ കോവിഡ് സാഹചര്യത്തിൽ ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക് അടിസ്ഥാനപ്പെടുത്തിയുള്ള നിയന്ത്രണങ്ങൾക്ക് പകരം ആശുപത്രികളിൽ അഡ്മിറ്റ് ആകുന്നവരുടെ എണ്ണം കണക്കാക്കി ജില്ലാടിസ്ഥാനത്തിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്താവുന്നതാണ്. ഇതുമായി ബന്ധപ്പെട്ട വിവരങ്ങൾ ആരോഗ്യവകുപ്പ് ജില്ലാ ദുരന്തനിവാരണ അതോറിറ്റികൾക്ക് നൽകേണ്ടതാണ്. ഇതിനെ അടിസ്ഥാനപ്പെടുത്തി ദുരന്തനിവാരണ അതോറിറ്റി ജില്ലകളെ A, B, C എന്നിങ്ങനെ തരം തിരിച്ച് താഴെപ്പറയുന്ന രീതിയിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തേണ്ടതാണ്:

## A വിഭാഗം

i. എല്ലാ രാഷ്ട്രീയ, സാമൂഹ്യ, സാംസ്കാരിക, മതപരമായ, സാമുദായിക, പൊതു പരിപാടികൾക്കും വിവാഹം, മരണാനന്തര ചടങ്ങുകൾക്കും പരമാവധി 50 പേർക്ക് പങ്കെടുക്കാവുന്നതാണ്.

B. വിഭാഗം

i. രാഷ്ട്രീയ, സാമൂഹ്യ, സാംസ്കാരിക, മതപരമായ, സാമുദായിക, പൊതു പരിപാടികൾ ഉൾപ്പെടെ യാതൊരുവിധ കൂടിച്ചേരലുകളും അനുവദിക്കില്ല. മതപരമായ ആരാധനകൾ ഓൺലൈനായി മാത്രം നടത്തേണ്ടതാണ്.

ii. വിവാഹം, മരണാനന്തര ചടങ്ങുകൾക്ക് പരമാവധി 20 ആളുകളെ മാത്രമേ അനുവദിക്കുകയുള്ളൂ.

C. വിഭാഗം

i. രാഷ്ട്രീയ, സാമൂഹ്യ, സാംസ്കാരിക, മതപരമായ, സാമുദായിക പൊതു പരിപാടികൾ ഉൾപ്പെടെ യാതൊരുവിധ കൂടിച്ചേരലുകളും അനുവദിക്കില്ല. മതപരമായ ആരാധനകൾ ഓൺലൈനായി മാത്രം നടത്തേണ്ടതാണ്.

ii. വിവാഹം, മരണാനന്തര ചടങ്ങുകൾക്ക് പരമാവധി 20 ആളുകളെ മാത്രമേ അനുവദിക്കുകയുള്ളൂ.

iii. സിനിമ തീയേറ്ററുകൾ, സ്വിമ്മിംഗ് പൂളുകൾ, ജിമ്മുകൾ എന്നിവയുടെ പ്രവർത്തനം അനുവദിക്കില്ല.

iv. ബിരുദ-ബിരുദാനന്തര തലത്തിലെ ഫൈനൽ ഇയർ ക്ലാസ്സുകളും, പത്ത്, പന്ത്രണ്ട് ക്ലാസ്സുകളും ഒഴികെയുള്ള എല്ലാ ക്ലാസ്സുകളും (ട്യൂഷൻ സെന്ററുകൾ ഉൾപ്പെടെ) ഒരാഴ്ച്ചത്തേക്ക് ഓൺലൈൻ സംവിധാനത്തിലൂടെ മാത്രമേ അനുവദിക്കുകയുള്ളൂ. റസിഡൻഷ്യൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ബയോ ബബിൾ മാതൃകയിൽ പ്രവർത്തിക്കുകയാണെങ്കിൽ ഇത് ബാധകമല്ല

7. ജില്ലകളിൽ അതത് മേഖലകളുടെ സവിശേഷ സാഹചര്യങ്ങൾക്കനുസൃതമായി നിയന്ത്രണങ്ങൾ ചീഫ് സെക്രട്ടറിയുമായി ആലോചിച്ച് ജില്ലാ കളക്ടർമാർക്ക് തീരുമാനിക്കാവുന്നതാണ്

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. വിപി ജോയ്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വിജിലൻസ് വകുപ്പ്

അഡീഷണൽ ചീഫ് സെക്രട്ടറി,റവന്യുവും ദുരന്ത നിവാരണവും വകുപ്പ്

എല്ലാ ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും

കമ്മീഷണർ,ലാൻഡ് റവന്യൂ തിരുവനന്തപുരം

കമ്മീഷണർ, ദുരന്ത നിവാരണം, തിരുവനന്തപുരം

എല്ലാ ജില്ലാ കളക്ടർമാർക്കും

എല്ലാ വകുപ്പ് തലവൻമാർക്കും

മെമ്പർ സെക്രട്ടറി, സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി, ഒബ്സർവേറ്ററി ഹിൽസ്, തിരുവനന്തപുരം-33

എല്ലാ അർദ്ധ സർക്കാർ സ്ഥാപനങ്ങൾക്കും/ പൊതുമേഖലാ സ്ഥാപനങ്ങൾക്കും

വെബ് & ന്യൂ മീഡിയ, ഐ & പി.ആർ.ഡി

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

പകർപ്പ് :-
മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ചീഫ് സെക്രട്ടറിയുടെ സെഷ്യൽ സെക്രട്ടറിയ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫിസർ

Annexure

## Essential activities and services permitted on Sundays

1. All State and Central Government offices and their autonomous bodies, Corporations, PSUs etc. dealing with emergency and essential services and COVID-19 containment and management duties may be made functional (if required as directed by the HoDs). Movement of the personnel/officers is permitted using their identity cards as proof.

2. All industries/companies/organizations dealing with emergency and essential services and requiring operations 24x7 shall be permitted to operate. Movement of employees of such organizations shall be allowed on producing valid ID cards issued by the respective organizations/institutions.

3. Employees and vehicles of telecom and internet service providers shall be allowed movement on producing valid ID cards issued by their respective organizations/institutions. Only essential staff/employees of IT and ITes organizations shall work from office.

4. Patients and their attendants, eligible people intending to take vaccination and persons in cases of emergencies shall be allowed with valid proof from hospital or vaccination details.

5. Movement of long distance bus services, trains and air travel are permitted. Movement of public transport, goods carriage vehicles and private vehicles and taxis (Including cabs by aggregators) to and from airports, railway stations and bus terminals/stops/stands is allowed for facilitating movement of passengers by air, rail and road. The movement will be allowed only on displaying valid travel documents/tickets and strictly adhering to COVID protocols.

6. Only neighborhood shops dealing with food, groceries, fruits and vegetables, dairy and milk booths, toddy, meat and fish are allowed to function from 7 AM to 9 PM. Home delivery of essential items shall be encouraged to minimize movement of individuals outside their homes.

7. Restaurants and bakeries shall be permitted only for take-away and home delivery from 7 AM to 9 PM.

8. Marriages and funerals are permitted with number of persons limited to 20 and strictly adhering to COVID protocols.

9. E-commerce and courier activities for home delivery are permitted from 7 AM to 9 PM.

10. Tourism pre-booked for Sunday with valid stay vouchers are permitted to travel in their cars/taxis and stay in hotel/resort premises.

11. CNG/LNG/LPG movement.

12. Conduct of competitive exams and movement of candidates and exam functionaries using admit cards/identity card/hall ticket.

13. Dispensaries/Medical stores/hospitals/medical equipment stores/nursing homes/ambulances/related services and movement of personnel.

14. Toll Booth.

15. Print, electronic, visual and social media houses.

16. Sanitation activities.

17. Workshops for urgent vehicle repair.

------------------------------